
ST.PAULS.H.S.S. VELIYANAD
PROUDLY PRESENTS
DIGMAZ-2K19
DIGITAL MAGAZINE
little KITEs

# ആശംസകളോടെ…………………………………..

**സ്കൂൾ ഹെഡ്മിസ്ട്രസ്**

**ആനിയമ്മ ടി**

കേരളത്തിലെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് ഹൈ -ടെക് ക്ലാസ്റൂമുകൾ നിലവിൽ വന്നത് .അതിന്റെ അനന്തരഫലം ആയിട്ടാണ് ലിറ്റിൽ കൈറ്റ്സ് രൂപീകരിച്ചത് .ഈ കൂട്ടായ്മയിലൂടെ നൂതന വിവര സാങ്കേതികതയുടെ നവലോകത്തേക്കുള്ള കാലെടുത്തുവച്ച ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ പ്രഥമ സംരംഭമായ ഡിജിറ്റൽ മാഗസീൻ "ഡിഗ് മാസ്സ് 2k19" എല്ലാവിധ ആശംസകളോടൊപ്പം ,ഇത് തയ്യാറാക്കാൻ അശ്രാന്തം പരിശ്രമിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എന്റെ അഭിനന്ദനം



# എഡിറ്റോറിയൽ

മാഗസീനുകൾ കുട്ടികളുടെ കലാവിരുത്ത് പ്രദർശിപ്പിക്കുന്നതിനുള്ള കൽപ്പടവുകൾ ആണ് .ഡിജിറ്റൽ സാങ്കേതികതയുടെ മികവോടെ നിങ്ങൾക്കുമുന്നിൽ ഞാൻ സമർപ്പിക്കുന്നു

DIGMAZ -2k19

# എഡിറ്റോറിയൽ ബോർഡ്

1. എക്സ്
2. ഹരികൃഷ്ണൻ
3. വിശാൽ
4. ദേവിക
5. അലൻ റോസ്മരിയ

# ഉള്ളടക്കം

1. അജ്ഞാത സുന്ദരി ……………………………………………………………………..7
2. മഴ……………………………………………………………………………………….8
3. തത്തമ്മ ………………………………………………………………………………9
4. കേരളം എന്തുചെയ്യും?..............................................................10
5. വര്ണക്കാഴ്ച……………………………………………………………………….11
6. ബാലഗണപതി………………………………………………………………………12
7. പ്രളയക്കാഴ്ച ……………………………………………………………………..13
8. കാഴ്ചകളുടെ വിസ്മയ ലോകത്തിലേക്ക് ………………………………………14
9. മൈ ഫ്ലവർ പോട്ട് ……………………………………………………………….18
10. മഴയുടെ കൗതുകം ……………………………………………………………… 19
11. രക്ഷകൻ ……………………………………………………………………………. 20
12. പിരിഞ്ഞാലും പിരിയാത്ത സൗഹൃദം ………………………………………… 21
13. മൈ മദർ ……………………………………………………………………….. 23
14. ത്രൂ ദി ഐ ………………………………………………………………………... 24
15. ഉണ്ണിയാർച്ച ……………………………………………………………………… 25
16. കേരളം കണ്ട പ്രളയം………………………………………………………………26

17. പ്രളയം ……………………………………………………………………………… 28
18. കൈ കോർത്ത കേരളം ……………………………………………………………30
19. പ്രകൃതി താണ്ഡവം ………………………………………………………………….31
20. അതിജീവനം ………………………………………………………………………32
21. വേനൽമഴ …………………………………………………………………………34
22. വിദ്യാലയം …………………………………………………………………………35
23. മഹാ പ്രളയം ………………………………………………………………………36
24. അമ്മക്കായി ……………………………………………………………………… 38
25. പ്രളയാതിജീവനം …………………………………………………………………39
26. മഴ തോർന്നപ്പോൾ ……………………………………………………………….42
27. ഭൂഗോള സ്പന്ദനം ………………………………………………………………44
28. വരയിലൂടെ ……………………………………………………………………… 45
29. ഓണപ്പാട്ട് …………………………………………………………………………46



# അജ്ഞാത സുന്ദരി

മഞ്ഞിൻ തുള്ളിപോലെ നിർമ്മലമായ മനമുള്ള നീ വെള്ളിമേഘങ്ങൾക്കിടയിൽ നിന്ന് ഇടയ്ക്കിടെ കണ്ണുപൊത്തി നോക്കുന്നത് ഞാൻ കണ്ടു.മുഖം വ്യക്തമല്ലായിരുന്നു.കണ്ണീർ തുള്ളികൾ നിന്റെ കവിളുകളിലൂടെ നീന്റെ കവിളുകളിലൂടെ നീർചാലുകീറിയിരുന്നു.വ്യക്തമായി നിന്റെ മുഖം കാണാൻ ഞാൻ ആഗ്രഹിച്ചു.കണ്ണുകൾ മിഴിച്ചു നോക്കി.ഇടവിടാതെ ഏറെ നേരം.പതിയെ വെണ്മയുള്ള മേഘങ്ങൾ നിന്നെ മൂടികളഞ്ഞു. എന്റെ മനസുതേങ്ങി. എന്തിനായിരിക്കാം നീ കരഞ്ഞത്? ഞാനാകുമോ നിന്റെ കണ്ണുകളിൽ ഈറൻ അണിയിച്ചത്. എന്നോട് ഒന്നും മിണ്ടാതെ മുഖം പോലും തിരിയാതെ നീ മറഞ്ഞത് എന്തിനാണ്. രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ ഞാൻ കണ്ണും നട്ടിരുന്നു,നിന്നെ ഒരു നോക്ക് കാണുവാൻ.മിന്നി മിന്നി മാഞ്ഞു നീ എന്റെ കാഴ്ചയിൽ നിന്നും, മനസ്സിൽ നിന്നും. മായാതിരിക്കാൻ കൊതിച്ചു. പക്ഷെ ഒരു മഞ്ഞുതുള്ളി പോലെ
നീ ഉരുകി അലിഞ്ഞീ പ്രപഞ്ചത്തിൽ ലയിക്കുന്നതും ഞാൻ അറിഞ്ഞു. ഏകനായി നിന്റെ ഓർമ്മകളിൽ ഒരായിരം വർഷം ജീവിക്കാൻ ആഗ്രഹിച്ചു. പക്ഷെ ഉറക്കം തെളിഞ്ഞതു കൊണ്ട് മുഴുവിപ്പിക്കാനാവാതെ സുന്ദരസ്വപ്നം പാത്രം കണക്കെ ചിന്നി ചിതറി.

രാജീവ് എം വർഗീസ്



## മഴ

നീലാകാശം ഇരുണ്ടു തുടങ്ങി. കാർമേഘങ്ങള് കറുത്തു തുടങ്ങി. സൂര്യൻ ആകാശത്തിന്റെ ആഴത്തിലേക്ക് മടങ്ങി. മനസ്സു നിശ്ചലം .മഴയുടെ ആരംഭം തുടങ്ങി. എങ്ങോട്ടെന്നറിയാതെ പാറുന്ന പക്ഷികള് .




Parrot
Name : Sam Musthan
S.T.D : VI
Div : B




## കേരളം എന്തുചെയ്യും

*എന്തുചെയ്യും എന്തുചെയ്യും*
*കേരളം എന്തുചെയ്യും*
*എന്തുചെയ്യും എന്തുചെയ്യും*
*കേരളം എന്തുചെയ്യും*
*കാടായ കാടൊക്കെ വെള്ളമായി*
*പുഴ വെള്ളമായി മഴ വെള്ളമായി*
*നാടായ നാടൊക്കെ മുങ്ങിപ്പോയി*
*പുഴ കവിഞ്ഞൊഴുകി*
*കടൽ നിറഞ്ഞൊഴുകി*
*എന്തുചെയ്യും എന്തുചെയ്യും*
*കേരളം എന്തുചെയ്യും*
*വീട്ടുകാരും നാട്ടുകാരും*
*കൂട്ടുകാരും ഒറ്റപ്പെട്ടു*
*വീടുകളും നാടുകളും*
*മഴ കൊണ്ടുപോയ്*
*ഡാമായ ഡാമെല്ലാം*
*തുറന്നു വിട്ടു*
*കേരളം ആകെ മുങ്ങിപ്പോയ്*
*കേരളം ആകെ മുങ്ങിപ്പോയ്*
*എന്തുചെയ്യും എന്തുചെയ്യും കേരളം എന്തുചെയ്യും....*

*കാശിനാഥ് അശോക്*





ജോയൽ സർഗീസ്
8 A




ബാലഗണപതി





കാഴ്ച്ചകളുടെ വിസ്മയ ലോകത്തിലേക്ക്..........

15.11.2018, ശരത്കാലത്തിലെ വർണ്ണാഭമായ ഒരു പ്രഭാതം ഞങ്ങളുടെ മുന്നിൽ പൊട്ടിവിരിഞ്ഞു.ഒരു മനോഹരമായ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി സെന്റ് പോൾസ് ഹൈസ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥികളായ ഞങ്ങൾ സ്കൂൾ അങ്കണത്തിൽ എത്തി ചേർന്നു. എല്ലാവരുടെയും മുഖങ്ങളിൽ ആഹ്ലാദത്തിന്റെ തിരകൾ തെളിഞ്ഞു കാണാമായിരുന്നു. ഞങ്ങളുടെ സ്വപ്നതേരായ നെൽസൺ ഞങ്ങളെ കാത്ത് അക്ഷമനായി സ്കൂൾ മുറ്റത്ത് കിടക്കുകയായിരുന്നു. യാത്രയ്ക്കുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായി. 6:45 ന് ഞങ്ങൾ ബസിനുള്ളിൽ കയറി. ആഹ്ലാദത്തിൻെറ ആരവങ്ങൾ മുഴക്കിക്കൊണ്ട് ഞങ്ങൾ യാത്രയായി.

8:30ആയപ്പോൾ ഞങ്ങൾ കലാഭവൻ മണിച്ചേട്ടൻെറ നാടായ ചാലക്കുടിയിൽ എത്തിച്ചേർന്നു. അവിടുത്തെ പ്രകൃതിരമണീയമായ ഒരു ഉദ്യാനത്തിൽ ഇരുന്ന് ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ചു. അപ്പവും വെജിറ്റബിൾ സ്റ്റ്യൂവും ആയിരുന്നു ഭക്ഷണം. ഭക്ഷണത്തിനു ശേഷം ഞങ്ങൾ വീണ്ടും ഞങ്ങളുടെ സ്വപ്നത്തേരിലേക്ക് കാൽവച്ചു. ഉടൻ തന്നെ കലാപരിപാടികൾ ആരംഭിച്ചു. പാട്ട്,കവിത,സന്ദേശം എന്നിങ്ങനെ ഞങ്ങൾ വളരെ സമയം ചിലവഴിച്ചു.

9:40ന് ഞങ്ങൾ ആദ്യസ്ഥലമായ തുംബൂർമുഴിയിലെത്തി. മനസ്സിനെ കുളിരണിയിക്കുന്ന തരത്തിലുള്ള പലതരം പൂക്കളും വൃക്ഷങ്ങളും അടങ്ങിയ ഒരു ഉദ്യാനത്തിലേക്കാണ് ഞങ്ങൾ പോയത്.വളരെ ആകാംഷയോടെയാണ് ഞങ്ങൾ തൂക്കുപാലത്തിൽ കയറിയത്. കുറച്ചു സമയം അവിടെ ചിലവഴിച്ചതിനു ശേഷം ഞങ്ങൾ അതിരപ്പിള്ളിയിലേക്ക് യാത്രയായി.

11:00 മണി ആയപ്പോഴാണ് അതിരപ്പിള്ളിയിൽ എത്തിച്ചേർന്നത്. പലതരം വൃക്ഷങ്ങളാൽ നിറഞ്ഞ ആ പ്രദേശത്തിന്റെ നടുവിലൂടെയുള്ള ചെറിയ നടപ്പാതയിലൂടെ നടന്നപ്പോൾ മറ്റു സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു അനുഭൂതിയായിരുന്നു ഞങ്ങൾക്ക് അനുഭവപ്പെട്ടത്. കുരങ്ങന്മാരുടെ ഓരോ വികൃതികൾ ഞങ്ങളെ രസിപ്പിച്ചു. കുട്ടിക്കുരങ്ങനും അമ്മയും തമ്മിലുള്ള ഒരു ഹൃദയസ്പർശിയായ ദൃശ്യം ഞങ്ങൾക്ക് അവിടെ കാണാൻ സാധിച്ചു. ഞങ്ങൾ വെള്ളച്ചാട്ടം കാണാൻ കുറേ പാറക്കെട്ടുകളിലൂടെ നടന്നു. ഇളം കാറ്റിനൊപ്പം വെള്ളച്ചാട്ടത്തിന്റെ ശബ്ദവും ചേർന്നപ്പോൾ പ്രകൃതിയിലേക്ക് അലിഞ്ഞുചേരുന്നതുപോലെ ഞങ്ങൾക്ക് അനുഭവപ്പെട്ടു. തിരിച്ച് ബസ്സിൽ പോകുന്ന വഴിക്ക് ഒരു മ്ലാവിനെ ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. 12:30 ആയപ്പോൾ തിരിച്ച് ബസ്സിൽ കയറി. 1:00 മണി ആയപ്പോൾ ഒരു തടാകത്തിനടുത്ത് ഇരുന്ന് തനി നാടൻ ഊണ് കഴിച്ചു. സജി സാറിന്റെ വക ഞങ്ങളെല്ലാവരും ഐസ്ക്രീം കഴിച്ചു. 1:45ന് ഞങ്ങൾ വീണ്ടും ബസ്സിൽ കയറി.

3:10 ന് പാലക്കാട് ഫോർട്ടിൽ ഞങ്ങൾ എത്തി. പൂന്തോട്ടം,നടപ്പാത,അമ്പലം,മൈതാനം എന്നിവയായിരുന്നു. അവിടുത്തെ പ്രധാന കാഴ്ച്കൾ. 4:30ന് ഞങ്ങൾ മലമ്പുഴ ഡാമിൽ എത്തി. ഡാമിൻെറ മുകളിലൂള്ള വഴിയിലൂടെ കുറേ നേരം ഞങ്ങൾ നടന്നു. 72അടിയായിരുന്നു അന്നത്തെ ജലനിരപ്പ്. 77അരഅടിയാണ് ഡാമിൻെറ പരമാവതി ജലനിരപ്പ്. അത് അറിയുവാനായി ഒരു സ്ഥലത്ത് വലിയ കല്ലിൽ MWL (MaximiumWaterLevel) രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തൂക്ക്പാലം,യക്ഷിപാർക്ക്,ബോട്ടിംഗ്,ക്യാക്റ്റസ് പാർക്ക്,ഇക്കോ പാർക്ക്,ജാപ്പനീസ് ഗാർഡൻ എന്നിവയും അവിടെ പ്രധാന സ്ഥലങ്ങൾ ആയിരുന്നു. അവിടെ ഒരു മനോഹരമായ ഉദ്യാനത്തിലിരുന്ന് ഞങ്ങൾ സംസാരിച്ചു. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. 7:15മുതൽ 8:00വരെ ഞങ്ങൾ ഷോപ്പിംഗ് ചെയ്തു. അതിന് ശേഷം ഞങ്ങൾ രാത്രി ഭക്ഷണം കഴിച്ചു. ചപ്പാത്തിയും ചിക്കനും ആയിരുന്നു ഭക്ഷണം. അതിനുശേഷം 9-10മണിക്കൂർ നീണ്ട മൈസൂർ യാത്രയിലേക്ക് ഞങ്ങൾ പ്രവേശിക്കുകയായിരുന്നു. അതിനിടയിൽ 'പൂമരം'എന്ന കലാബോധമുണർത്തുന്ന ഒരു ഹൃദയസ്പർശിയായ ഒരു ചിത്രം ഞങ്ങൾ കണ്ടു.16.11.2018 രാവിലെ 5:45ന് ഞങ്ങൾ മൈസൂരിലെ അയ്യങ്കാർ പ്ലാസാ എന്ന ഹോട്ടലിൽ എത്തി. അവിടെ, റൂമിൽ ഞങ്ങൾ കുറച്ചുനേരം വിശ്രമിച്ചു. പിന്നെ എല്ലാവരും ഫ്രഷ് ആയി. 8:45ന് ഞങ്ങൾ ഭക്ഷണം കഴിക്കാൻ ചെന്നു. പുട്ടും കടലയുമായിരുന്നു. അതിനു ശേഷം ഞങ്ങൾ ബസ്സിൽ കയറി.

സെൻറ്. ഫിലോമനാസ് ചർച്ചായിരുന്നു ആദ്യ സന്ദർശന സഥലം. മൈസൂർ സന്ദർശിക്കാനെത്തുന്ന എല്ലാ യാത്രികരും ആദ്യം സന്ദർശിക്കുന്നതിവിടെയാണ്. അവിടെ യൗസേപ്പിതാവിൻെറയും, വി.ഫിലോമിനയുടെയും ശില്പങ്ങൾ ഉണ്ടായിരുന്നു. പള്ളിക്ക് പുറത്ത് വളരെ ദയനീയമായ കാഴ്ച് ഞങ്ങൾ കണ്ടു. ചെറിയ കുട്ടികൾ ഞങ്ങളെ ദയനീയമായ് നോക്കുന്നുണ്ടായിരുന്നു. അവിടുത്തെ പട്ടിണിപ്പാവങ്ങളുടെ പ്രതീകമായാണ് ഞങ്ങൾക്ക് ആ ദൃശ്യം തോന്നിയത്. ഏകദേശം 400 വർഷം പഴക്കമുള്ളതാണ് ഈ പള്ളി.


അതിനു ശേഷം ഞങ്ങൾ ടിപ്പുസുൽത്താൻെറ ശവക്കല്ലറ കാണാൻ പോയി. ടിപ്പുവിൻെറ അച്ഛനായ ഹൈദരാലിയുടെയും അമ്മയായ ഫാത്തിമ ബീവിയുടെയും ഒപ്പമാണ് തൻെറ ശവക്കല്ലറയും വച്ചിരിക്കുന്നത്.ഗുംബസ് എന്നാണ് ഈ കല്ലറകൾ വച്ചിരിക്കുന്ന സഥലത്തിൻെറ പേര്.

12:33ന് റീജിയണൽ മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയുൽ എത്തിച്ചേർന്നു. അവിടെ എല്ലാവരും ബസ്സിൻെറ മുകളിൽ കയറി ഫോട്ടോ എടുത്തു. കുറച്ച് കഴിഞ്ഞ് ഞങ്ങൾ മ്യൂസിയത്തിനകത്ത് കയറി. ജീവൻ തുടിക്കുന്ന പുലിയുടെയും, ആനയുടെയും, മറ്റ് ജീവികളുടെയും രൂപങ്ങൾ ആകർഷകമായിരുന്നു. ഒരു കാടിനുള്ളിലെ പ്രതീതിയാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടത്. കുരങ്ങന്മാർ സാധനങ്ങൾ തട്ടിയെടുക്കുന്ന ദൃശ്യം അവിസ്മരണീയമാണ്. 6:45ആയപ്പോൾ എല്ലാവരും വണ്ടിയിൽ കയറി. ഈ സ്വപ്നയാത്രയുടെ കാഴ്ചകളുടെ വിസ്മയലോകത്തിൻെറ അവസാന പത്ത് മണിക്കൂർ. ഉറങ്ങാതിരിക്കാൻ ഞങ്ങൾ പല മാർഗങ്ങൾ സ്വീകരിച്ചു. ഞങ്ങൾ അന്ധാക്ഷരി കളിച്ചു. റോഡരികിൽ ഭക്ഷണം കഴിക്കാൻ വണ്ടി നിർത്തി. പൊറോട്ടയും ചിക്കൻകറിയുമായിരുന്നു അവസാന ഭോജനം. ഭക്ഷണത്തിനുശേഷം എല്ലാവരും ശാന്തമായി. 5:00കഴിഞ്ഞപ്പോൾ ഞങ്ങളുടെ സ്വപ്നത്തേര് സ്കൂളിനോട് അടുക്കാറായി. സംഗീതലഹരിയിൽ ഞങ്ങൾ മതിമറന്നു തുള്ളി. പെട്ടെന്നായിരുന്നു ഞങ്ങൾ ഞങ്ങളുടെ വീടായ സെൻറ്. പോൾസ് ഹൈസ്കൂളിൽ എത്തിച്ചേർന്നത്. ഞങ്ങൾ വണ്ടിയിൽനിന്നിറങ്ങി.

മനോഹരമായ ഒരു സ്വപ്നത്തിൻെറ സാക്ഷാത്കാരം. അവസാനമായി നെൽസൺ ഞങ്ങളെ നോക്കി വിട പറഞ്ഞു....

നോയൽ സാജു




My flower Spot
By Parvathy Surendran



## മഴയുടെ കൗതുകം

മേഘങ്ങള് സംഭരിച്ച-
മേദോദാരമത്രയും
പെട്ടന്നൊരു കാർമേഘ
സൂചനയായ്
ഒന്നിടിഞ്ഞു മഴയായ് പെയ്ത്ത് നേരം
വിണ്ണിലാകെ നാശം
വിതച്ചിടുന്നു
ചെറുതുള്ളികള്
മണിമുത്തുകള്
മണ്ണില് പതിച്ചിടുമ്ബോള്
പെട്ടെന്നൊരു മഴ തിമിർത്തിടുന്നു
മഴയില്ല്യയെന്കില് ഭൂമിശൂന്യം

പവിത്ര സുരേന്ദ്രൻ



# **രക്ഷകൻ**

രക്ഷ മാനുഷ മോഹങ്ങളിലൊന്ന്
പ്രയാസ നിമിഷങ്ങളിലൊന്ന് ഇതിനുന്നതി
വേദനിക്കുന്നവർക്കാശ്വാസം രക്ഷകൻ
നന്മതൻ ശക്തിയായ് ഏറ്റുവാൻ
സുഖ ദു:ഖ സമിശ്രമേ ജീവിതം
എന്നും കൂടെയവൻ സ്നേഹിതൻ
ദുഖത്തിൽ കൈത്താങ്ങായവൻ
രക്ഷ പ്രദാനം ചെയ്യുവൻ രക്ഷകൻ
വേദനിക്കുന്നോർക്കഭയമായി
നന്മതൻ പര്യായമായി
വേദന സന്തോഷമായി മാറ്റിയോൻ
അവൻ ദൈവത്തിനു പ്രതിച്ഛായ
മാരി വേനൽ എന്തുമേ വന്നാലും
നന്മ നെഞ്ചിലേറ്റിയോക്കതിജീവനം സാധ്യം
അമ്മ മാറോടു ചേർത്ത കുഞ്ഞിനെപ്പോൽ
ഒന്നായി നിന്നാൽ രക്ഷകൻ നാം തന്നെ

അനശ്വര അജിമോൻ



പിരിഞ്ഞാലും പിരിയാത്ത സൗഹൃദം

മൂവാറ്റുപുഴയാറ് തഴുകി തലോടുന്ന പിറവത്തിൻെറ ഹൃദയഭാഗത്തുള്ള സെൻറ് പോൾസ് ഹയർസെക്കൻററി സ്കൂളിൽ പഠിക്കുവാൻ ദൈവം തന്ന അവസരം എൻെറ വിദ്യാഭ്യാസകാലത്ത് എനിക്ക് കിട്ടിയ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കാണുന്നു. ഭാവിയുടെ ഓർമ്മച്ചെപ്പിൽ സൂക്ഷിക്കുവാൻ മധുരിക്കുന്ന ഒരുപാട് അനുഭവങ്ങൾ കോർത്തിണക്കിയ കഴിഞ്ഞ രണ്ട് വർഷമായി എൻെറ സ്കൂൾ ജീവിതം എന്നും ഊർജ്ജം പകർന്നുതന്ന ഓർമ്മകളാണ് എനിക്ക് തരുന്നത്. ഇവിടെ ഓരോരുത്തരിൽ നിന്നും എനിക്ക് ലഭിച്ച സ്നേഹവും പരിലാളനങ്ങളും ശകാരവും പരിഗണനയുമെല്ലാം എൻെറ ജീവിതത്തിന് കരുത്ത് പകരുന്നവയാണ് ഗുരുക്കന്മാരുടെ ശകാരങ്ങൾ എന്നും എനിക്ക് സ്നേഹത്തോടെ കുടിയുള്ള തലോടലുകളായിട്ടാണ് തോന്നിയിട്ടുള്ളത്.

കൈയിൽ കാശുണ്ടെങ്കിൽ ഏഴുപേർ ഓരോ വടയും കാശില്ലെങ്കിൽ ഒരു വടകൊണ്ട്ഏഴുപേരും കഴിക്കുന്ന ഒരു കൗമാരപ്രായം.ഈ 'മാനസീക പങ്കിടൽ' നമ്മൾ നേടിയത് ഒരു ദൃഢമായ ആത്മബന്ധമാണ്. കൗമാരക്കാരായ നമ്മൾ ജീവിതത്തിന്റെ ഗൗരവമേറിയ കാലഘട്ടത്തിലേക്കാണ് കടക്കുന്നത്. അപ്പോൾ നമുക്ക് അറിവ് പകർന്നുനൽകുന്ന സ്കൂൾ ജീവിതം നമുക്ക് പകർന്നുനൽകിയ സ്വഭാവരൂപീകരണവും അറിവുമാണ്. തിക്തമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകാതെ തനിക്ക് ജീവിതത്തിന്റെ പാഠങ്ങളെല്ലാം പകർന്നുതന്ന ഗുരുക്കന്മാർക്കും മറ്റു മുതിർന്നവർക്കും ഒരായിരം നന്ദി. ഇനിയും മായാത്ത ഒരുപാട് ഓർമ്മകൾ ബാക്കി നിൽക്കുന്ന എന്റെ സ്കൂളിന്റെ പ്രവേശന കവാടത്തിൽ കാലെടുത്ത് വയ്ക്കുമ്പോൾ തന്നെ ഞങ്ങളേവരേയും വരവേറ്റിരുന്ന "ലൗ ബേഡ്സ്"ന്റെ ശ്രുതിമധുരമായ കുശലം പറച്ചിൽ എന്റെ ജീവിതകാലം മുഴുവൻ നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ വിരാമം കുറിക്കുന്നു.....

എയ്ഞ്ചൽ ആൻ ജിജോ

# MY MOTHER

The person whom I saw first
With my small baby eyes
She speak the language of love
And she is peaceful as dove
The person who takes care of me
With a heart so full of grace
She loves me very much.
Her love nothing can match
When you are happy
My heart is happy too
When I am in darkness
She is the light
You are the candle ,that lights my life
She helps me with my study
And she is my best buddy…………

Angel Ann Jijo

# THROUGH THE EYE

You holds me in your arms
Not because of the extreme love of me
Only to get the sign of your life
I am the one who rolls
Behind the silent film.
I am the craftsmen who
Carved the adorable photographs in your cupboard
I hunt for pictures and
You pose for me with smile spreading over your face
I flashes at your laughter, loves and emotions
To capture the wonders of life
Curve your lips and smile.......
Thats what I say to you
My eyes blinks at you
To create the portrait like an artist
World is a studio for the countless film
And you collect the reels of life from me.
PHOTOGRAPH is not a still
It is my soul , there is an art ,there is a life in every photo
There is a signature of art and life
In every photograph......................

Angel Ann Jijo




By
Haripriya Baburaj (IX



## കേരളം കണ്ട പ്രളയം

കേരളം കണ്ട ഏറ്റവും വലിയ ദുരിതമാണ് ഈ കഴിഞ്ഞ നാളുകളിൽ നാം നേരിട്ടത്. കേരളത്തിൻെറ ആരും കൊതിക്കുന്ന ചിലതെല്ലാം നമുക്ക് നഷ്ടമായി. ദൈവത്തിൻെറ നാടെന്ന കേരളം കഴിഞ്ഞ ചില നാളുകളിൽ വലിയ ഒരു ഒഴുക്കിൽ നീന്തിതുടിക്കുകയായിരുന്നു. നമ്മുടെയെന്ന് കരുതി നാം വെട്ടിപിടിച്ചതെല്ലാം ഒരു നിമിഷം കൊണ്ട് വെള്ളത്തിനടിയിലായി. പണത്തിനും മണ്ണിനും അപ്പോൾ വെറും പാഴ്വസ്തുവിൻെറ വിലയേ ഉണ്ടായിരുന്നുള്ളൂ. കാലം കാട്ടിതന്ന തെളി-വുകളാണ് ഈ പ്രളയം. ദൈവത്തിൻെറ വരദാനമായ പ്രകൃതിയെ വെട്ടിനുറുക്കിയ നമ്മൾ ഇതെല്ലാം അനുഭവിക്കേണ്ടവരാണ്. മണ്ണും മലയും ഇടിച്ച് നിരത്തി വലിയ കെട്ടിടങ്ങൾ പണിതുയർത്തിയ നമ്മൾ ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഒരിറ്റ് വെള്ളത്തിനായി തുടിച്ച്കൊണ്ടിരുന്നു. പുഴയ്ക്ക് നാം കൊടുത്തതെല്ലാം പുഴ നമുക്ക് തന്നെ തിരിച്ച് തന്നു. വേണ്ട-പ്പെട്ടവരെ വേർതിരിഞ്ഞപ്പോൾ നാം മനസ്സിലാക്കി മണ്ണും പ്രകൃതിും തമ്മിലുള്ള ബന്ധം. മലകളും കുന്നുകളും ഇടിച്ച് നിരത്തിയപ്പോൾ ജലം

പിടിച്ച് വയ്ക്കാൻ പ്രകൃതി ഏർപെടുത്തിയ തരങ്ങൾ
ഇല്ലായിരിന്നു.ജീവി
തത്തിൻെറ മട്ടുപ്പാവിൽ തളർന്നിരുന്ന നമ്മൾക്ക് ഇത് ഏറ്റവും
വലിയ
ഒരു പാഠം തന്നെയായിരുന്നു. വീടും വീട്ടരും
ഒഴുകിപോയപ്പോൾകരയാൻ മാത്രമേ നമ്മുക്ക് കഴിഞ്ഞുള്ളൂ.
ജീവിതപാഠാവലിയിൽ ഒറ്റപെട്ട്പ്പോയ നാം ഇന്നും
കരയ്ക്കടിയിൻ മുങ്ങിത്തപ്പുകയാണ്. ദൈവം നമുക്കായി
ഒരുക്കിയ ഈ കാഠിന്യ അവണയിൽ നാം പ്രകൃതിയെ
മാതാവായി
ഏറ്റെടുക്കണം. അതിനായി നമുക്ക് ഒത്തൊരുമിച്ച്
പ്രവർത്തിക്കേണ്ടതു-
ണ്ട്. ഏതൊരാളും നോക്കിനിന്നിരുന്ന നമ്മുടെ കേരളത്തിൻെറ
എല്ലാം
ഒലിച്ച്പോയി. നാം അവ തിരിച്ചുപിടിക്കാൻ പ്രയത്നിക്കണം .

അരുണിമ രാജൻ



പ്രളയം

നാം നേരിട്ട പ്രളയ ദുരിതത്തിടിമയായിരുന്നത് അനേകായിരം ജനങ്ങളാണ ്.പ്രക്രതിയെ മനുഷ്യൻ ചെയ്ത ക്രൂരതകൾക്കുള്ള തിരിച്ചടികളായിരുന്നു.ഈ കഴിഞ്ഞുപോയ പ്രളയം.വലിയവനെന്നൊ ചെറിയവനെന്നോ എന്ന സ്ഥാനത്തെക്കുറിച്ചുള്ള പരാമർശത്തെ അട്ടിമറിച്ചുകൊണ്ട് വന്ന പ്രളയം എല്ലാവരുടേയും ജീവിതത്തെ തന്നെ മാറ്റി മറിച്ചു.അതുകൊണ്ട് എല്ലാം നേരിടാനും പരസ്പരം വിശ്വസ്തത പാലിക്കാനും വിവേചനങ്ങൾ ഇല്ലാതാക്കാനും കുറച്ചെങ്കിലും മനസിലാക്കി കഴിഞ്ഞു.

പ്രളയം അനുഭവിച്ചവർക്ക് ഇന്ന് ഉടുക്കാനും കഴിക്കാനും സ്വന്തം കുടുംബങ്ങൾ എവിടെയാണെന്ന് അറിയാതെ പോലും കഷ്ടപ്പാടനുഭവിക്കുകയാണ്.ജീവിതത്തിൽ എല്ലാം നേടണം മറ്റുള്ളവർക്ക് ഒന്നും ലഭിക്കരുത് എന്ന ചിന്തക്കാരാണ് നമ്മളോരോരുത്തരും. ഈ ഒരു ദുരന്തം വന്നപ്പോൾ എല്ലാവരും അനുഭവിച്ചതുകൊണ്ട് അങ്ങനെയൊരു ചിന്ത ആരുടേയും മനസിലൂടെ കടന്നു പോയില്ല. പ്രകൃതിയോട് ചെയ്ത ദുരന്തങ്ങൾക്ക് പ്രകൃതി തന്നെ തിരിച്ചടി നൽകി.

ഇങ്ങനെയൊരു ദുരന്തം ഉണ്ടായിട്ടും മനുഷ്യന് അത്യാർത്ഥി കുറഞ്ഞിട്ടില്ല.എന്നാൽ ഈ ഒരു ദുരന്തത്തെ ശക്തിയോടെ നേരിട്ട ആളുകളും ഉണ്ട്.
പത്തുലക്ഷം രൂപ കൊടുത്തുണ്ടാക്കിയ വീടൊക്കെ നശിച്ചു പോയവരുടെ അവസ്ഥ നമുക്ക് ചിന്തിക്കാവുന്നതെ ഉള്ളൂ. ഇതിനു വേണ്ടി കഷ്ടപ്പെട്ടവരൊത്തിരിയാളുകളുണ്ട്. പ്രളയ ദുരിത ബാധിതരെ നമുക്ക് സഹായിക്കാനാവുക എന്നത് ഒരു പുണ്യ പ്രവർത്തിയാണ്.

ഇനിയെങ്കിലും നാം പ്രകൃതിയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യണം. മരങ്ങൾ നട്ടുവളർത്തുകയും,പുഴകൾ നശിപ്പിക്കുകയും ഒന്നും ചെയ്യാതിരിക്കുക. പ്രകൃതിയെ ദുരുപയോഗം ചെയ്യാതെ നല്ലത് മാത്രം ചെയ്ത് ജീവിക്കുക. കാരണം ഇന്നനുഭവിച്ച പ്രളയ കെടുതി മൂലം കണ്ണീർ പൊഴിച്ച ഒത്തിരി കുടുംബങ്ങൾ കേരളത്തിലുണ്ട്. അവർക്കൊരു താങ്ങും തണലുമായി നമുക്കു മാറാം.

ദൃശ്യ കെ ദിനേശ്



## കൈകോർത്ത കേരളം

പ്രളയത്തിൽ മുങ്ങിയ മലയാളിനാടിനെ
ഒരുമിച്ചുകൈകോർത്ത് പിടിച്ചുയർത്താം
ജാതിമതഭേദമന്യേ മതഭേദമന്യേ
രാഷ്ട്രീയമന്യേ നമുക്കെല്ലാവർക്കും
ഒരുമിച്ചു കൈകോർത്ത് പിടിച്ചുയർത്താം
കൊട്ടാരമെന്നോ കുടിലെന്നോ ഭേദമില്ലാ-
തെല്ലാം ഒഴുക്കികൊണ്ടുപോയ് പ്രളയം
പ്രളയം ഊതിക്കെടുത്തിയ ജീവിതമാം
വിളക്കുകൾ നമുക്ക് ഒരുമിച്ചു കൈകോർത്ത്
ജ്വലിപ്പിച്ചു നിർത്താം

ജോസ്ലി ജോസ്



# പ്രകൃതിതാണ്ഡവം

കലിപൂണ്ടിതാ പ്രകൃതിതൻ
താണ്ഡവം തീവ്രതയാർജിക്കുന്നു
പാരിതിൽ മാനവർ നാളിതുവരെ
ചെയ്യുന്നതിൻ ഫലമായ്,
നാമനുഭവിക്കുന്നു.
എന്തു ചെയ്യണമെന്നറി-
യാതെ പതറി നിൽക്കുന്നു നാം.......

ലിഖിനാ സാബു



അതിജീവനം

മനസ്സിൽ ഒരുപാട് സ്വപ്നങ്ങൾ മെനഞ്ഞെടുത്ത് തൻ്റെ ജീവിതത്തിൽ വിജയത്തിൻ്റെ വെന്നിക്കൊടി പാറിച്ചവരും ജീവിതപ്രതിസന്ധികളിൽ താളം തെറ്റി ജീവിതം തന്നെ ഉപേക്ഷിച്ചവരുമുണ്ടീ ലോകത്തിൽ. മീര അവളും അങ്ങനെയുള്ള ഒരു കുട്ടിയാണ്. തികച്ചും സാധാരണ കുടുംബത്തിലംഗമായ അവൾക്ക് വേറിട്ട ചിന്തകളിലൂടെ ജീവിതത്തിൻ്റെ അർത്ഥവും അതിൻ്റെ ആവശ്യകതയും കാണാൻ കഴിഞ്ഞു.അതുകൊണ്ടു തന്നെ അവളുടെ ജീവിതത്തെ ഒരു കരയ്ക്കടുപ്പിക്കാനും അച്ഛനമ്മമാരെ നോക്കാനും ഒരു വഴി കണ്ടുപിടിക്കാൻ ഒട്ടും മടിയുണ്ടായിരുന്നില്ല. പ്രയത്നത്തിലൂടെ അവളുടെ വഴി തികച്ചും സുലഭമാക്കി.പതറാത്ത  മനസ്സോടെ, അടറാത്ത നിശ്ചയദാർഢ്യത്തോടെ ജീവിതം മുന്നേറുമ്പോഴാണ്, തീക്കാറ്റുപോലെ പാതിയിൽ അച്ഛൻ്റെ വേർപാട് കട പുഴകിയത്. പലരാത്രികളിൽ അവൾ ഓർത്തു ജീവിതം ഇവിടെ വച്ച് വഴി തിരിക്കണമോ? പഠിപ്പ് നിർത്തണമോ? “പലരും പറഞ്ഞു പഠിപ്പ് നിർത്തണ്ടായെന്ന് , എൻ്റെ വഴികളിൽ ഞാൻ എന്തു തിരഞ്ഞെടുക്കണം ദൈവമേ ഒരു വഴി കാണിക്കണേ". ആരും കാണാതെ പലനാൾ കരഞ്ഞു. ഒടുവിൽ ഒരു തീരുമാനം എടുത്തു പഠിപ്പും നടക്കും ജീവിതവും മുന്നോട്ട് പോകും എനിക്കൊരു ജോലി ഉണ്ടെങ്കിൽ.

അങ്ങനെ മീര ചെറുപ്രായത്തിൽ തന്നെ പണിക്കിറങ്ങി.പത്രം വിറ്റും, വീട്ടുജോലി ചെയ്തും,മീൻ വിറ്റും ജീവിതം മുന്നോട്ട് നീക്കി. അങ്ങനെ നാളുകൾ പോയ് മറിയെ ആ വർഷവസാന പരീക്ഷയാണ് സ്ഥിരമായ ഒരു നല്ല ജോലിക്കുവേണ്ടതിന്റെ ആദ്യനാഴികക്കല്ല്. അത് ജയിക്കണം അവൾ മനസ്സിൽ കുറിച്ചിട്ടു.

ഏതാനും നാളുകൾക്ക് ശേഷം അറിയുന്ന ദിനം. പ്രാർത്ഥനയും നിറകണ്ണുകളുമായ് അമ്മ കാത്തിരിക്കുന്നതവൾ അറിഞ്ഞു. ഒരു നിമിഷം കണ്ണടച്ചു. അവൾ ഒരു കരഘോഷം കേട്ടാണ് ശ്രദ്ധയിലേക്ക് തിരിച്ചുവന്നത്. ചുറ്റും തന്റെ കൂട്ടുകാർ, അഭിനന്ദനപ്രവാഹം. ഒടുവിൽ അവൾ അറിഞ്ഞു അവൾക്ക് ഫസ്റ്റ് ക്ലാസ്. മനസ്സിൽ ഒതുക്കിവെച്ച സ്നേഹവും ആഹ്ലാദവും അഭിമാനവും ഒരു മിഴിനീർ തുകി അവൾ പ്രകടിപ്പിച്ചു.

കോളേജ് അവൾക്കും മറ്റു വിജയികൾക്കും അനുമോദനചടങ്ങ് വച്ചു. വേദയിൽ നന്ദിയുടെ ഒരു കുമ്പാരം തന്നെ തുറന്നു കാട്ടാൻ ഉണ്ടായിരുന്നു അവൾക്ക്. നിറകണ്ണുകളോടെ വേദിയിൽ നിന്നവൾ ഓർത്തു നാളിതുവരെ അവളെ ദൈവത്തെപ്പോലെ സഹയിച്ചവനല്ല മനുഷ്യർ. ഇതെല്ലാം കേട്ട് അവളുടെ അമ്മ ആ സദസ്സിൽ ഉണ്ടായിരുന്നു. നന്ദി പറഞ്ഞു കഴിഞ്ഞപ്പോൾ അമ്മയുടെ കണ്ണിൽ നിന്നും ഒരു കൊഴുത്ത കണ്ണുനീർ ഉതിർന്നു വീണു. ഒരിക്കലും അനുഭവപ്പെടാത്ത ചൂടോടെ............

അഞ്ജന മനോജ്



**വേനൽമഴ**

എൻ കളിവീടിന്റെ മുറ്റത്ത് അഗ്നിയിലേക്ക്
ഒരു തുള്ളി വെള്ളം ഒഴുകുന്ന പോലെ
വേനൽ മഴ വന്നെത്തി മഴ വന്നെത്തി
എൻ വീടിലും എൻ ഗ്രമത്തിലും മഴ വന്നു.
അനേകം മനുഷ്യർക്ക് ആശ്വാസമെന്ന പോലെ
വേനൽമഴ ഭൂമിയിൽ പതിഞ്ഞു.
വരണ്ടുണങ്ങിയ കാട്ടിലും പുഴയിലും
വയലിലും കണ്ണീർതടങ്ങളിലും ഒരു തുള്ളി വെള്ളമെത്തി
ഭൂമിയിലെ ജീവജാലങ്ങൾക്കെല്ലാം ആശ്വാസമായ്
വേനൽമഴ വന്നെത്തി വരണ്ടുണങ്ങിയതെല്ലാം പച്ചപ്പണിഞ്ഞു.
ദു:ഖങ്ങളെല്ലാം ആ മഴയിൽ ഒലിച്ചു പോയി
സന്തോഷവും സമൃതിയും ഐശ്വര്യവും നിറഞ്ഞു
എൻ അകതാരിലും ആനന്ദം തൂകി
വേനൽമഴയെത്തി പച്ചപ്പട്ടുവിരിക്കാൻ പ്രകൃതി ഒരുങ്ങി
പുത്തൻ പ്രതീക്ഷയും സ്വപ്നങ്ങളുമായ്
പുതു നാളയെ വരവേൽക്കാനായി

മീനാക്ഷി സന്തോഷ്

# വിദ്യാലയം

എൻ ജീവിതമാർഗമാണ് എന്റെ അറിവും സഹപാഠിയും
ആയിരം മധുരമനോഹര ഓർമ്മകൾ നൽകിയ
പ്രിയ സരസ്വതി ക്ഷേത്രം
ഓരോ നിമിഷവും കടന്നുപോവുന്നു
അത്രയും വേദനമാത്രംബാക്കിയാക്കി
സ്നേഹവും വാത്സല്യവും പകർന്നുതന്ന
എൻ പ്രിയ ഗുരുക്കൻമാരെ ഞാൻകടപ്പെട്ടിരിക്കുന്നു
പ്രിയ സുഹൃത്തുക്കളെ മറക്കില്ല ഒരിക്കലും
സ്നേഹവും സൗഹൃദബന്ധങ്ങളും
വിടപറയുന്നു ഞാൻ വിടപറയുന്നു

മീനാക്ഷി സന്തോഷ്



മഹാപ്രളയം

കേരളം കണ്ട മഹാപ്രളയത്തിനു കാരണമെന്ന് നമ്മൾ ഓരോരുത്തരും ഇന്ന് മനസ്സിലാക്കണം. കാരണം ഇനിയും ഒരു ദുരന്തം ഉണ്ടാകാണ്ടിരിക്കാൻ നമ്മൾ പ്രകൃതിയെ പല തരത്തിലും ചൂക്ഷണം ചെയ്യുന്നു. കുന്ന് ഇടിച്ച് ,വയലുകൾ നികത്തി ,മണൽവാരി അങ്ങനെ മനുഷ്യന്റെ പല ആവശ്യങ്ങൾക്കും വേണ്ടി അവർ പ്രകൃതിയെ ചൂക്ഷണം ചെയ്തുകൊണ്ടിരുന്നു. നമുക്ക് ഇന്ന് ശ്വസിക്കാൻ നല്ല വായുവില്ല,കത്തിക്കുന്ന പ്ലാസ്റ്റിക്കിന്റെയും, ഫാക്ടറിയിൽ നിന്ന് വരുന്ന മലിനമായ പുകയും ഇന്ന് ഞാൻ ഉൾപ്പടെയുള്ളവർ ശ്വസിച്ചുകൊണ്ടിരിക്കുന്നത്. ഇത്രയുംനാളും പ്രകൃതി നമ്മുടെ ആവശ്യങ്ങൾക്കായ് നമ്മുടെകൂടെ നിന്ന് നമ്മൾ ചെയ്തതെല്ലാം ക്ഷമിച്ചു, സഹിച്ചു . സഹനത്തിന്റെ അടിത്തട്ടിലെത്തിയപ്പോൾ അത് നമ്മളോട് ഒരു മഹാപ്രളയത്തെകൊണ്ട് തിരിച്ചുപ്രതികരിച്ചു.നമ്മൾ പ്രകൃതിയിൽനിന്ന് കൈയ്യേറിയതെല്ലാം അത് തിരിച്ചുപിടിക്കുകയും വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് മലിനവസ്തുക്കൾ നമുക്ക് തിരിച്ചുതരുകയും ചെയ്തു.ഈ ഒരു മാസം കൊണ്ട് പ്രളയം എത്ര പേരുടെ ജീവനെടുത്തു. മണ്ണിടിച്ചിലിൽപ്പെട്ട് ,ഒഴുക്കിൽപ്പെട്ട് മുതിർന്നവരും പ്രായംചെന്നവരും കുട്ടികളും , കുഞ്ഞുങ്ങളും ഉൾപ്പടെ എത്ര എത്ര മരണങ്ങൾ.

രക്ഷിക്കാൻ ചെന്നവരുടെയും ജീവനെടുത്ത മഹാപ്രളയം കേരള ജനത അനുഭവിച്ചു.ഈ പ്രളയത്തിലൂടെ എത്ര എത്ര സ്വപ്നങ്ങൾ വരെ തകർന്നു.ഭക്ഷണം വലിച്ചെറിയുന്നവർപോലും ഒരു നേരത്തെ ആഹാരത്തിനവേണ്ടി കൈനീട്ടി.ഈ ഒരു മാസത്തിനകം കേരളത്തിൽ ജാതിയുടെ പേരിലോ മതത്തിൻെറ പേരിലോ ഹിന്ദു,ക്രിസ്ത്യന് ,മുസ്ലീം എന്ന വേർതിരിവില്ലാതെ ഒരുമിച്ച് കൈകോർത്ത കേരളം. പക്ഷേ, ഈ മഹാപ്രളയത്തിൽപ്പെട്ട് ജീവനായിപിടഞ്ഞവരുടെ ജീവൻ കളഞ്ഞ മഹാപ്രളയം. ഈ പ്രളയം നമ്മോട് പല കാര്യങ്ങളും പറയുന്നു

"നിങ്ങൾ മനുഷ്യർക്ക് മാത്രമല്ല പ്രകൃതിയെ ചൂഷണം ചെയ്യുവാൻ പറ്റുന്നേ, പ്രകൃതിക്ക് നമ്മൾ മനുഷ്യരോടും പ്രതികരിക്കാം. ഒരു മഹാപ്രളയത്തെ കൊണ്ട് ."

അതുകൊണ്ട് നമ്മൾ ഇത് മനസ്സിലാക്കി മുന്നോട്ടുനീങ്ങണം അപ്പോൾ പ്രകൃതി നമ്മെ ഒരു പ്രളയം കൊണ്ടും തോൽപ്പിക്കില്ല.

*മരങ്ങൾ നടുക

*പുഴ മലിനമാക്കരുത്

*"ഇനിയും വരുന്ന തലമുറ കാണട്ടെ മരങ്ങളും ,പുഴകളും ,വയലുകളും എല്ലാമുള്ള ഒരു അതിമനോഹരമായ കേരളം. അതിനായി നമ്മൾ പരിശ്രമിക്കണം. അവരെങ്കിലും ശ്വസിക്കട്ടെ മലിനമാക്കാത്ത നല്ല വായുവും."

കോർത്തകൈയഴിയാതെ കേരളം...........

കൃഷ്ണേന്ദു ബിജു



## അമ്മയ്ക്കായ്

ചോരയിൽ കുളിച്ച പിറവിയെ സ്നേഹത്താൽ
കഴുകിത്തുടച്ച് വെളിച്ചത്തിലേക്ക്
മിഴി തുറക്കാൻ പഠിപ്പിച്ചതാണ് ആദ്യത്തെ ഓർമ്മ.
പിച്ചവെക്കാൻ നാട്ടുവഴികളായും
ഊട്ടി വളർത്തലിൽ ആദ്യക്ഷരമായും
വാത്സല്യത്തേക്കാൾ സാന്ദ്രമായ ഒരു ഭാഷയായും
വിളക്കുമരങ്ങളുടെ ഉടുപ്പണിഞ്ഞും .... അമ്മ...
എന്നിലെന്നും നിറഞ്ഞുനിന്നും എന്നിൽ
വിരിയുന്ന സ്വപനത്തിന് നിറങ്ങളേകിയും
മഞ്ഞുനീർത്തുള്ളികളികൾ പെയ്തരാത്രിയിൽ
നെഞ്ചിലെ ചൂടിനാൽ കുളിരകറ്റയും
പേമാരി താണ്ഡവമാടിയ സന്ധ്യയിൽ
മാറോടടക്കി മറച്ചുവെച്ചും...അമ്മ...
എന്നിലെന്നും നിറഞ്ഞുനിന്നു.

അക്ഷയ സന്തോഷ്



## പ്രളയാതിജീവനം

മഞ്ചാടി ഗ്രാമത്തിലാണ് മനു ജനിച്ചത്. ചെറുപ്പത്തിലെ അച്ഛൻ മരിച്ച അവന് അമ്മയായിരുന്നു ഏക ആശ്രയം. അവരുടെ ഗ്രാമത്തിന്റെ തൊട്ടടുത്ത ഒരു കാടുണ്ട്. ആരെയും ഭയപ്പെടുത്തുന്ന ഒന്ന്. കുട്ടികളാരും അവിടേക്ക് പോകരുതെന്ന് കർശനമായി അമ്മമാർ വിലക്കി.

അങ്ങനെയിരിക്കെ ഒരു ദിവസം കുട്ടികൾ കളിക്കുന്നതിനിടയിൽ അറിയാതെ കാടിന്റെ അടുത്തേക്കുപോയി കാട്ടിലേക്കുകയറി. അൽപ്പനേരം കഴിഞ്ഞപ്പോഴാണ് കുട്ടകൾ വാസ്തവം തിരിച്ചറിയുന്നത്. അവർ കാട്ടിൽപ്പെട്ടു കഴിഞ്ഞിരുന്നു. കുട്ടികൾ എല്ലാവരും കരയാൻ തുടങ്ങി. അവർ നാട്ടിലേക്കുള്ള വഴിതേടി അലഞ്ഞു. എന്നാൽ മനുവിനുമാത്രം സങ്കടം ഇല്ലായിരുന്നു. അവൻ വളരേ സന്തോഷിച്ചു പറഞ്ഞു;

"ഈ കാട്ടിൽ ഒരു തേൻമാവുണ്ടെന്ന് മുത്തശ്ശി പറയുമായിരുന്നു. നമുക്ക് അത് തേടി പോകാം."

“ഇല്ല. ഇല്ല നമ്മുടെ അമ്മമാർ നമ്മെ തിരയുന്നുണ്ടാവും"
കുട്ടികൾ പറഞ്ഞു.
“എന്നാലും ആ മാവിൽ തേന്മൂറുന്ന മാമ്പഴങ്ങളുണ്ടെന്ന് മുത്തശ്ശി പറയുമായിരുന്നു"- മനു പറഞ്ഞു.
“ഇല്ല ഞങ്ങൾ വരുന്നില്ല.”
മനു എത്ര പറഞ്ഞിട്ടും അവർ ചെവിക്കൊണ്ടില്ല.അവസാനം അവൻ
പറഞ്ഞു.
“നിങ്ങൾ വരുന്നില്ലെങ്കിൽ വേണ്ട ഞാൻ പോവുകയാ.”
മനു കാട്ടിലേക്കുകയറി ബാക്കിയുള്ളവർ നാട്ടിലേക്കും മനു തേന്മാവ് നോക്കി ഒരുപാട് നടന്നു യാതൊരു
പ്രയോജനവുമുണ്ടായില്ല.
കുറച്ച് കഴിഞ്ഞപ്പോൾ അവന് വല്ലാതെ ദാഹിക്കുന്നതായി തോന്നി.
അപ്പോൾ അവൻ കണ്ടത് കാടിന്റെ പേടിപ്പിക്കുന്ന ഇരുട്ടും,നിശബ്ദത-
യും മാത്രമാണ്.വൈകി അവൻ കാട്ടിൽ കുടുങ്ങി.
കാടിന്റെ നിശബ്ദതയിൽ അവൻ കേട്ടു. കളകളം പാടിയൊഴുകു-
ന്ന അരുവിയുടെ കുളിരുപകരുന്ന ശബ്ദം അവൻ അങ്ങോട്ടും നടന്നു.അവനാദ്യമായി അന്ന് പ്രകൃതിയെ
അറിഞ്ഞു.അവൻ നടന്നുനടന്ന്
ആ പുഴയെ കണ്ടുപിടിച്ചു.ആ പുഴ കണ്ടപ്പോൾ അവന്റെ മുഖത്തുണ്ടായ
പുഞ്ചിരി അവനെ മറ്റെല്ലാം ക്ഷീണങ്ങളിൽ നിന്നും അകറ്റി.
കാടിന്റെ സൗന്ദര്യ ചാരുത തന്നിലേക്കാവാഹിച്ചൊഴുകുന്ന ഒരു
മനോഹാരിതയെ അവൻ നേരിൽ കണ്ടു.അവന് വേണ്ടുവോളം വെള്ളം
അവൻ കോരിക്കോരി കുടിച്ചു.അത് മധുരിക്കുന്നതായി അവന് തോന്നി.
അതിനുശേഷം അവൻ നാട്ടിലേക്ക് പോകാനുള്ള വഴി തേടി നടന്നു.
അവൻ ഉറക്കെ വിളിച്ചു "കൂട്ടുകാരേ"
" കൂട്ടുകാരെ നിങ്ങളെവിടെയാ"

അവൻെറ ഒച്ചമാത്രം പലമടങ്ങ് അവൻ കേട്ടു. ആരും വന്നില്ല. അങ്ങനെ രണ്ട് ദിവസം അവൻ കാട്ടിലലഞ്ഞു നടന്നു. അവനു വിശക്കുമ്പോഴൊക്കെ അവൻ വയറുമുറുകെപിടിച്ച് കരയുമായിരുന്നു. രാത്രിയിൽ അവൻ പേടിച്ച് ഒരു മരത്തിൻെ്റ താഴെയിരിക്കും. അങ്ങനെ അവൻ ഓരോദിവസവും ആ സന്ദർഭത്തെ അതിജീവിച്ചുകൊണ്ടിരുന്നു.

സൂര്യൻ മുഖത്ത് വീണ ഒരു പ്രഭാതത്തിലാണ് അവൻ പിന്നീട് എഴുന്നേറ്റത് അപ്പോൾ അവൻ ചാടി എഴുന്നേറ്റ് പുഴയിൽപോയി മുഖം കഴുകി വഴി തേടി നടന്നു. പെട്ടെന്ന് അവൻ അകലെകണ്ടു പുകയുടെ വള്ളിപ്പടർപ്പുകൾ ആകാശത്തെ വലയുന്നത് അവൻ അങ്ങോട്ട് ഓടി. കിതപ്പും ആകാംഷയും ഒത്തുചേർന്ന ഭാവത്തോടെ അവൻ അങ്ങോട്ട് നോക്കി. അതേ,അതവന് പരിചയമുള്ള മുഖമാണ്. അവന് അവസാനം മനസ്സിലായി അത് ഗോപിയമ്മാവനാണ്. അവൻ ഓടി ചെന്ന് അമ്മാവനെ കെട്ടിപ്പിടിച്ചു. നടന്ന സംഭവങ്ങൾ വിശദീകരിച്ചു. അമ്മാവൻ ഇടയ്ക്കിടെ കാട്ടിൽ വരും ഔഷധമരുന്നുകൾ തേടാൻ അമ്മാവൻ ഡോക്ടറാണ്.

കുറച്ചുകഴിഞ്ഞപ്പോൾ അവൻ അമ്മാവനൊത്ത് നാട്ടിലേക്ക് പോയി. പേടിയും സങ്കടവും സന്തോഷവും എല്ലാം ചേർന്ന ഭാവത്തോടെ.

ജയലക്ഷ്മി ജെ




# മഴ തോർന്നപ്പോൾ

അന്ന് പെയ്ത മഴയിൽ
ഞാനൊറ്റക്കായി അമ്മേ...
ദരണയായ നിൻ കണ്ണിൽ നിന്നതിർന്നുവീണ
പ്രളയത്തിൻ കാഠിന്യമറിഞ്ഞു ഞാൻ
അന്ധതയുടെ ഇരുട്ടിൽ
എൻ അമ്മതൻമാറിൽ കെട്ടിപ്പിടിച്ചു കിടന്നുറങ്ങിയ
അരുമയാർന്ന ഓമലായ് ഞാൻ
അറിഞ്ഞില്ല വീണ്ടുമില്ല ഭാഗ്യം എൻ
അമ്മതൻ മടിയിൽ ചായാൻ
പിതാവിൻ ശാസനയേറ്റുവാങ്ങാൻ
ഒന്നിരുട്ടി വെളുത്തപ്പോഴേക്കും
എല്ലാം  മാഞ്ഞുപോയ്
എൻ മഷിപച്ചകണക്കയായ്
പെട്ടെന്നൊരിടിമുഴക്കമായ്
എല്ലാം നീ കൊണ്ടുപോയ്
എൻ അമ്മയെപ്പോലും
തന്നില്ല തിരിച്ചു നീ......
നിൻ ശക്തിയാം ബാഷ്പങ്ങൾ
തുളഞ്ഞു കണക്കെ സൂചിയായ്
എന്നെ ബാക്കിയാക്കി
എൻ സ്വപ്നങ്ങളെ ബാക്കിയാക്കി
വിളിക്കാതെ വന്ന അതിഥിയായ്

ഒന്നുമില്ലിനി ശാന്തമായി
നീ വന്നു പോയശേഷം
എത്രപേർ എത്രപേർ ഇനി
അറിയില്ല നിൻ കരങ്ങളാൽ
ബാക്കിയാക്കി പോകുന്നു നീ....
വയ്യ എനിക്കീ ഇരമ്പലുകൾ
വയ്യ എനിക്കീ ചേതനയറ്റ ശരീരങ്ങൾ
കാണായ് കേൾക്കാനായി
എന്നെ എന്തിനുബാക്കിയാക്കി നീ
ഈ മഴ തോർന്നപ്പോൾ

ഹരിത എം എൻ




(Alan Tijo)




VII-B Abhishek.T.S



# ഓണപ്പാട്ട്

ഓണം വന്നു പൊന്നോണം വന്നു
പൂക്കളമിട്ടു മാവേലി വന്നു
പൂക്കാലമായി പൊന്നോണം വന്നു
ഓണമിന്നെല്ലാവർക്കും സന്തോഷമായി
ഓണപ്പാട്ടുകൾ പാടിടാനായ്
കുട്ടികളെല്ലാം നിരന്നുനിന്നു.
ഓണത്തിനെല്ലാരും കോടിയുടുത്തു
മാവേലിയെ എതിരേൽക്കാനായ്
ഓണം പൊന്നോണം
പൊന്നോണമായ്
ഓണപ്പൂക്കളമിടുവാനായ്
കുട്ടികളെല്ലാവരും ഒന്നുചേർന്നു...

അനവദ്യ വിനോദ്